പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4730</u> <u>29.6.2012-ൽ മറുപടിക്ക്</u>

<u>ശുചിത്വമിഷൻ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ബി സത്യൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ശുചിത്വമിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; വിശദമാക്കാമോ ; | എ) ശുചിത്വ മിഷന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ടി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണം, ശുചിത്വ ആരോഗ്യ വിദ്യാഭ്യാസ പരിപാടി<br>2. ശാസ്താംകോട്ട ശുദ്ധ ജല തടാകപരിസ്ഥിതി പുനരുദ്ധാരണ പ്രോജക്ടിന്റെ ഭാഗമായി ശാസ്താംകോട്ട കായലിന്റെ ആവാഹ പ്രദേശത്തുള്ള വിവിധ സ്കൂളുകളിൽ പെൺകുട്ടികൾക്കായുള്ള ശൗചാലയങ്ങൾ, ടോയ്ലറ്റ് സമുച്ചയങ്ങൾ, സോക്ക് പിറ്റുകൾ, ബയോഗ്യാസ് പ്ളാന്റുകൾ എന്നിവയ്ക്കുള്ള പദ്ധതികൾ<br>3. കമ്മ്യൂണിറ്റി ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ് പദ്ധതിയുടെ ഭാഗമായി<br><br>**a) അക്ഷരമുറ്റം അമൃതമുറ്റം** : ഒരു മാതൃക ശുചിത്വ വിദ്യാഭ്യാസ സ്ഥാപനം · വീതം ഓരോ ജില്ലകളിലും വികസിപ്പിച്ചെടുക്കുക.<br>**b) ഡോക്യുമെന്ററി ഫിലിം** : കേരള ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് ശുചിത്വ വിദ്യാഭ്യാസത്തിനായി ഡോക്യുമെന്ററി ഫിലിം നിർമ്മിച്ചു വിദ്യാലയങ്ങളിൽ പ്രദർശിപ്പിക്കുക. |

പ്രദർശിപ്പിക്കുക.

**c)അവാർഡുകൾ വിതരണം** : ശുചിത്വ-ആരോഗ്യ രംഗത്ത് മികച്ച വിദ്യാലയങ്ങൾക്ക് അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുക.

**d)ബോധവൽക്കരണ ക്ലാസ്സുകൾ** : അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ശുചിത്വ ആരോഗ്യ മാലിന്യസംസ്കരണം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

**e)വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ** വ്യക്തി ശുചിത്വത്തിലും,പരിസര ശുചിത്വ ത്തിലും അവബോധം സൃഷ്ടിക്കുന്നതിലേക്കായി ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾക്കായി പെയിന്റിംഗ് മത്സരം, പ്രസംഗ മത്സരം, ഉപന്യാസ മത്സരം എന്നിവ സംഘടിപ്പിക്കുക.

**f)ശുചിത്വ ബോധവൽക്കരണ യഞ്ജം എൻ സി സി, എൻ എസ് എസ്,സ്കൗട്ട്സ്** എന്നിവയുടെ സഹകരണത്തോടെ ശുചിത്വ ബോധവൽക്കരണ യഞ്ജം സംഘടിപ്പിക്കുക.

**g)ശ്രമദാന പരിപാടികൾ :** വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആഴ്ചതോറും അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ശ്രമദാനപരിപാടികൾ നടപ്പിലാക്കി സ്കൂൾ ശുചിത്വം ഉറപ്പു വരുത്തുക.

ബി) ശുചിത്വമിഷൻ സർക്കാർ ആശുപത്രികളിൽ ആരോഗ്യവകുപ്പു മായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താറുണ്ട്; വിശദമാക്കാമോ?

ബി) ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സർക്കാർ ആശുപത്രികളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പൊതു സാനിട്ടറി കോംപ്ളക്സുകൾ. (വിഭവ ലഭ്യതയ്ക്ക് അനുസൃതമായി)
2. ശാസ്താംകോട്ട ശുദ്ധ ജല തടാക പരിസ്ഥിതി പുനരുദ്ധാരണ

പ്രോജക്ടിന്റെ ഭാഗമായി ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.

3. ശുചിത്വ മിഷന്റെ വാർഷിക പദ്ധതിയിൻ കീഴിൽ സർക്കാർ ആശുപത്രികളിൽ മലിനജല സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായവും, സാങ്കേതിക അനുമതിയും, സാമ്പത്തിക സഹായവും .

സെക്ഷൻ ഓഫീസർ